# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 6/9/13
## Hazrat Khalifathullah Munir Ahmad Azim (A)

ലോകമെമ്പാടുമുള്ള മുസ്‌ലീംകളെ സമാധാനാഭിവാദ്യങ്ങളാൽ സ്വാഗതം ചെയ്ത് ഹസ്റത്ത് ഖലീഫത്തുല്ലാഹ് തശഹുദും, തഅവ്വുസും, സൂറഃ ഫാത്തിഹയും ഓതി ഇപ്രകാരം പറഞ്ഞു തുടങ്ങി. ''അവരോടൊപ്പം ഇന്നേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേൽപ്പിക്കുന്നതാണ്.) അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു''. 62:4

വിശുദ്ധ ഖുർആനിലെ ഈ വചനത്തിൽ, പിന്നീട് വരുന്ന ഖലീഫത്തുല്ലായുടെ, മസീഹിന്റെ, ആഗമനത്തെക്കുറിച്ച്, പറയുന്നതിനോടുകൂടി ചിലതു കൂടി ചേർക്കേതുണ്ട്. അതായത്. പിന്നീട് വരുന്ന ആൾ പരിശുദ്ധ പ്രവാചകൻ (സ) ന്റെ ആത്മീയ മായ രണ്ടാം ആവിർഭാവവും പ്രതീകവുമായിരിക്കും വിശുദ്ദ്ധ ഖുർആനിലെ ഈ വചനം ഇതുകൂടി വ്യക്തമാക്കുന്നു. അതായത് ''അവൻ ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് തന്റെ കല്പനകൾ നിയന്ത്രിച്ചയയ്ക്കുന്നു. പിന്നീട് അത് (ആ കല്പനകൾ) ഒരു നിശ്ചിത കാലയളവിൽ അവന്റെയടുക്കലേക്ക് കയറിപ്പോകുന്നു. നിങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്നതനുസരിച്ച് അതിന്റെ (ആ കാലഘട്ടത്തിന്റെ) ദൈർഘ്യം ആയിരം കൊല്ലമാണ്.'' 32:6.

ആദ്യകാലഘട്ടത്തിലെ പുരോഗതിക്കും, സമൃദ്ധിക്കും, ശേഷം ഈ വചനമനുസരിച്ച്, ഇസ്ലാം, ഒരായിരം വർഷം, അന്ധകാരത്തിലൂടെ കടന്നുപോകും. ആദ്യകാലത്തെ കീർത്തി മുന്നൂറു വർഷം കൊണ്ട് അവസാനിക്കുന്നതാണ് എന്ന് പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. ''എന്റെ നൂറ്റാണ്ടാണ് ഏറ്റവും നല്ല നൂറ്റാണ്ട്; അതിനുശേഷം എന്റെ അനുചരന്മാരുടെ നൂറ്റാണ്ടായിരിക്കും; അതിനുശേഷം എന്റെ അനുചരന്മാരുടെ, അനുചരന്മാരുടെ നൂറ്റാണ്ടായിരിക്കും

മുസ്ലിം ചിന്തകന്മാർ, ഈ സ്വീകൃതതത്വം അവലംബമാക്കിയാണ്, വാഗ്ദത്തമസീഹ് അഥവാ മതോദ്ധാരകൻ വരുമെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ കഴിഞ്ഞ നൂറ്റാണ്ടിൽ വാഗ്ദത്ത മസീഹായി ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ആഗതരായി, ഈ നൂറ്റിൽ അല്ലാഹു തന്റെ ഖലീഫയെ, മതോദ്ധാരകനെ നിയോഗിച്ചിരിക്കുകയാണ്. മുഹമ്മദ് (സ) ന്റെ പ്രവാചകത്വത്തിന്റെ നിയമങ്ങൾ അവലംബമാക്കിയുള്ള അല്ലാഹുവിന്റെ ഖലീഫയെ അവൻ തീരുമാനിച്ചിരിക്കുകയാണ്. നിസ്സംശയം അത് പരമകാഷ്ഠയിലെത്തുന്നതാണ്. ഇൻഷാ അല്ലാഹ്. ഇസ്ലാമിന്റെ വാഗ്ദത്ത വിജയം വരിക്കുന്നതാണ് ഇസ്ലാം അതിന്റെ സംശുദ്ധമായ പ്രകൃതിയിൽ വിജയം കണ്ടെത്തുന്നതാണ്. ഇൻഷാ അല്ലാഹ്.

### വരും കാലങ്ങളിലേക്കുള്ള മഹത്തായ പ്രവചനങ്ങൾ

മുസ്ലിം യാഥാസ്ഥിതികർക്ക് ചിന്തിക്കാനായി പ്രവാചക പ്രഭുവായ മുഹമ്മദ് (സ) യുടെ ചില പ്രവചനമൊഴി മുത്തുകൾ ഇവിടെ രേഖപ്പെടുത്തുന്നു.

1. നിങ്ങൾ മഹ്ദിയെ കാണുമ്പോൾ നിങ്ങൾ അദ്ദേഹത്തിൽ **'ബൈഅത്ത്'** ചെയ്യുക. മഞ്ഞിലൂടെ ഇഴഞ്ഞായാലും നിങ്ങൾ അദ്ദേഹത്തിന്റെ അടുത്തു ചെല്ലുക. കാരണം അദ്ദേഹം മഹ്ദി (സന്മാർഗ്ഗം സിദ്ധിച്ച ആൾ) ആകുന്നു; അല്ലാഹുവിന്റെ ഖലീഫ ആകുന്നു. (ഇബ്നു മാജ)
2. ഖിലാഫത്തിനെ വ്യക്തമാക്കാനെന്ന നിലയിൽ, പരിശുദ്ധ പ്രവാചകൻ (സ) പാഞ്ഞു.''നിങ്ങൾ എന്നെ പിന്തുടരുക; ഖുലഫാഉർ റാശിദീങ്ങളേയും പിന്തുടരുക.) (ഖുലാഫാഉർറാശിദീൻ = സന്മാർഗ്ഗ ദർശനം ലഭിച്ച ഖലീഫമാർ) - മുസ്നദ് അഹ്മദ്ബ്ൻ ഹമ്പൽ-
3. മുസ്ലിം ജമാഅത്തിനോടും അതിന്റെ ഇമാമിനോടും പറ്റിച്ചേർന്ന് നിൽക്കുക. അങ്ങനെയുള്ള ജമാ അത്തിനേയും

ഇമാമിനെയും കത്തെിയില്ലെങ്കിൽ, എല്ലാ വിഭാഗങ്ങളിൽ നിന്നും അകന്നു നിൽക്കുക. വൃക്ഷത്തിന്റെ വേരു തിന്നു ജീവിക്കേി വന്നാലും, ഈ അവസ്ഥയിൽ നിങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടേണ്ടിവന്നാലും ശരി.

-ബുഖാരി-

4. പരിശുദ്ധ പ്രവാചകൻ (സ) ദീർഘ ദർശനം ചെയ്തത് ശ്രദ്ധിക്കുക. '' ഒരുജമാഅത്ത്, എഴുപത്തി മൂന്നിൽ നിന്നും ഒന്നുമാത്രം - സത്യമായ ഒരേ ഒരു ജമാഅത്ത്; അത് അദ്ദേഹത്തെ പോലെയും അദ്ദേഹത്തിന്റെ അനുയായികളേയും പോലുള്ളതായിരിക്കും. പ്രവാചകപ്രഭു (സ) തന്റെ സമുദായം തെറ്റിലും, വഴി കേടിലും ആപതിക്കാതിരിക്കുവാൻ എത്ര ശക്തമായ ഭാഷയിലാണ് താക്കീത് നൽകിയിരിക്കുന്നത്.

### അല്ലാഹു തെരഞ്ഞെടുത്ത ഖലീഫയുടെ അവസ്ഥ

ദൈവീകാനുഗ്രഹങ്ങൾ ലഭിക്കുകയും, അല്ലാഹു തെരഞ്ഞെടുക്കുകയും ചെയ്ത, ഖലീഫ പ്രവാചകത്വവുമായി ബന്ധപ്പെട്ടിരിക്കേണ്ടത് ആവശ്യമാണ്. ഈ അർത്ഥത്തിൽ അദ്ദേഹം ഒരു പ്രവാചകനായിരിക്കണം. പ്രവാചകത്വം ഇല്ലാതെ അല്ലാഹുവിന്റെ ഖലീഫ ഇല്ല. ആയതിനാൽ മുസ്ലിം യാഥാസ്ഥിതികർ ദൈവീക ഖിലാഫത്ത് വീണ്ടും കുപിടിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു ഖലീഫ ഉാകുന്നതിനു മുമ്പ് നുബുവത്ത് ഉണ്ടാകൽ അത്യാവശ്യമാണ്. അല്ലാഹുവിന്റെ ഒരു ഖലീഫയുടെ കാലഘട്ടത്തിൽ, അല്ലാഹുവിന്റെ ഖലീഫയെ അല്ലാഹു നിശ്ചയിക്കുകയും/നിയമിക്കുകയും, ചെയ്യും. അതുപോലെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനുമായിരിക്കും. അല്ലാഹുവിന്റെ ഖലീഫ/അല്ലാഹുവിന്റെ ദൂതൻ എന്നുപറയുന്ന ആൾ, ശരീ അത്തിന്റെ പ്രവാചകനായ മുഹമ്മദ് (സ) യുടെ, ഖാത്തമുന്നബിയ്യീൻ ആയ മുഹമ്മദ് (സ) ടെ പ്രവാചകത്വ ജലാശയത്തിൽ നിന്നുള്ളതാകുന്നു. വഫാത്തായ ഒരു ഖലീഫത്തുല്ലായെ തുടർന്നു വരുന്ന ഖലീഫയും ഖിലാഫത്തും, മരണപ്പെട്ട പ്രവാചകന്റെ ഉപദേശങ്ങളെ പിന്തുടരുന്നു എന്നു മാത്രം, വഫാത്തായ ഖലീഫത്തുല്ലായെയും, വഫാത്തായ ഖലീഫത്തുല്ലാ, ഹസ്രത്ത് മുഹമ്മദ് (സ) നെ അനുസരിച്ചിരുന്ന ആളുമായിരുന്നതിനാൽ, ഇവർ രണ്ടു പേരേയും എല്ലാ അർത്ഥത്തിലും പിന്തുടരേണ്ടതാണ്.ഏതുരീതിയിലായാലും, അല്ലാഹു തെരഞ്ഞെടുത്തു അയക്കുന്ന ഖലഫയ്ക്ക് വളരെ വലിയ പ്രാധാന്യമുണ്ട് എന്ന് മനസ്സിലാക്കുക.

### ദൈവീക ഖലീഫയുടെ സ്ഥാനം

ഖലീഫത്തുല്ലാഹ് സ്ഥാപിച്ച ദൗത്യത്തെ തുടർന്നു നടത്തുന്നതിന്, ജനങ്ങൾ തെരഞ്ഞെടുത്ത, ഖലീഫയുടെ സ്ഥാനം പരിമിതമാണ്. രും പ്രവാചകത്വത്തിന്റെ നിയമ പരിധിക്കുള്ളിലുള്ളതാണ്. 1. അല്ലാഹുവിന്റെ പ്രവാചകൻ അഥവാ ഖലീഫത്തുല്ലാ തന്റെ ദൗത്യം താൻ തന്നെ വെളിവാക്കുന്നു. അതായത് മുഹമ്മദ് (സ) യെ അനുസരിച്ചതിലൂടെ, അല്ലാഹു, താൻ തന്നെ, നേരിട്ട് നിയോഗിച്ചിരിക്കുന്നു. മറ്റേതു വഫാത്തായ ഖലീഫത്തുല്ലായുടെ പിൻഗാമിയായി വന്ന്, അദ്ദേഹവും അടിസ്ഥാനമാക്കുന്നത്, ഇസ്ലാമിന്റെ അധ്യാപനവും, വിശ്വാസ നവീകരണത്തിനായി വന്ന മഹത്തായ ഖലീഫത്തുല്ലായുടെ മാർഗ്ഗ നിർദേശങ്ങളുമാണ്. ഇത് അല്ലാഹു മറ്റൊരു പ്രവാചകനെ അഥവാ ഖലീഫത്തുല്ലായെ അയയ്ക്കുന്നതുവരെ തുടരാവുന്നതാണ്. ഇത് വിധിനാൾ വരേയ്ക്കും തുടരുന്നതാണ്. ഇസ്ലാം എന്നും പച്ചപിടിച്ചു നില്ക്കുവാൻ അല്ലാഹു ഇച്ഛരിക്കുന്നു. ഇതിന് അല്ലാഹു താൻ പ്രത്യേകമായി തെരഞ്ഞെടുക്കുന്ന, ഭൂതൻമാരെ, റൂഹുൽഖുദ്സുമായി, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം പഠിപ്പിക്കുന്നതിനും, ജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും, വീണ്ടും വീണ്ടും അയച്ചു കൊിരിക്കുന്നതാണ്.

### ഖാത്തമെ നുബുവ്വത്ത് / ഖാത്തമെ മസീഹ് മൗഊദ്

എല്ലാനിലയിലും പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫ (സ) അവസാനത്തെ പ്രവാചകനാണെന്ന് 'ഖാത്തമെനുബുവ്വ' ത്തിന് വ്യാഖ്യാനം നൽകി യഥാസ്ഥിതികരായ മുസ്ലീംകൾ കഴിഞ്ഞ പതിനാലു നൂറ്റാണ്ടുകളായി അതിർത്തി നിർണ്ണയിച്ചിരിക്കുകയാണ്. അവരെ സംബന്ധിച്ചടത്തോളം വിശുദ്ധ പ്രവാചകൻ (സ) ന് ശേഷം

ഒരു തരത്തിലുള്ള നുബുവത്തും ഇല്ല. നുബുവത്ത് ഇല്ലാത്തടത്തോളം കാലം ഖലീഫമാരുമുാകില്ല.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊിരിക്കുന്ന സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ മുസ്ലീംകളിൽ ഖിലാഫത്ത് വ്യവസ്ഥ ഉണ്ടാകേണ്ടതിനെ പറ്റി മുസ്ലീം ലോകം പലപ്പോഴും ആഗ്രഹം പ്രകടിപ്പിക്കാറു്. ദൈവീക ഖിലാഫത്ത് വ്യവസ്ഥ ഇവർ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ, ഇവർ അകപ്പെട്ടിരിക്കുന്ന, അവർ സ്വയം തീർത്ത അധർമ്മ വൃത്തത്തിൽ നിന്നും, തെറ്റായ ചിന്തയിൽ നിന്നും മുസ്ലീം ലോകവും, അഹ്മദിയ്യ ലോകവും പുറത്തു വരേണ്ടതുണ്ട്. മുഹമ്മദ് മുസ്തഫാ (സ) യ്ക്കുശേഷം ഒരു തരത്തിലുള്ള പ്രവാചകന്മാരും വരില്ല എന്ന് പറഞ്ഞുകൊ് യാഥാസ്ഥിതിക മുസ്ലീംകൾ സുബൂവത്തിന്റെ വാതിൽ കൊട്ടി അടച്ചു. മുഹമ്മദ് മുസ്തഫാ (സ) ക്ക് ശേഷം. പ്രവാചകന്മാർക്ക് വരാമെന്ന് പ്രബോധിപ്പിച്ച അഹ്മദിച്ചാ ലോകം നടത്തിയ പ്രചാരണത്തിനെതിരിൽ, ഇന്നവരുടെ തലയിൽ, ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ , അനുയായികളിൽ, പൊതു മുസ്ലിം ലോകത്തിനു സംഭവിച്ച അതേ തെറ്റ് ഇന്ന് അഹ്മദികൾക്കും സംഭവിച്ചിരിക്കുന്നു. വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ന് ശേഷം അല്ലാഹുവിന്റെ ഖലീഫമാർ വരില്ല, എന്ന്. അവർ ഇരു കൂട്ടരും, അതായത് പൊതു മുസ്ലീംകളും, അഹ്മദികളും ഈ അധർമ്മ വൃത്തത്തിൽ നിന്നും പുറത്തുവരുന്നില്ല. നമ്മുടെ ഏറ്റവും വലിയ ആഗ്രഹം ഇവർ ഇരു കൂട്ടരും ഈ അധർമ്മ വൃത്തത്തിൽനിന്നും പുറത്തു വരണമെന്നും, അല്ലാഹുവിന്റെ അനുഗ്രഹങ്ങളും, സന്തോഷവും അവരും ആർജ്ജിക്കണം എന്നുള്ളതുമാകുന്നു. ഇത് കരഗതമാക്കുന്നതിന് അവർ തെറ്റായി നൽകിയ ''ഖാത്തമെ നുബുവത്ത്, ഖാത്തമെ മസീഹ് മൗഊദ്'' വ്യാഖ്യാനം പുനർചിന്തനം നടത്തി ശരിയിലേക്ക് എത്തിച്ചേരതാണ്.

**നമുക്ക് വേി ഇതാ ഒരു ദൈവീക ഖിലാഫത്ത്**

ഈ നൂറ്റാിൽ ഖലീഫത്തുല്ലാഹ് ആയും മസീഹ് ആയും അല്ലാഹുവിന്റെ വിനീത ദാസനായ എന്റെ വരവോടുകൂടി, അല്ലാഹു, താൻ തന്നെ സ്ഥാപിച്ചതാണ്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്ന് ലോകസമക്ഷം അവകാശപ്പെടുകയാണ്. അനുഗ്രഹീതനായ ഖലീഫത്തുല്ലായുടെ മേൽനോട്ടത്തിൽ നിയന്ത്രിക്കപ്പെടുന്ന ഒരേ ഒരു ജമാ അത്ത് വ്യവസ്ഥ ലോകത്ത് ഇതുമാത്രമാണുള്ളത്. ഈ ഖിലാഫത്തു വ്യവസ്ഥ ദൈവീകമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിലൂടെയാണ് ഇസ്ലാമിന്റെ അന്തിമ വിജയമെന്ന് പ്രഖ്യാപിക്കുന്ന ഒരേ ഒരു ജമാ അത്താണിത്- അതായത് അല്ലാഹുവിന്റെ ജമാ അത്ത്- ജമാ അത്തുസ്സഹീഹിൽ ഇസ്ലാം-

ലോകത്തോട് ഞാൻ പ്രഖ്യാപിക്കുകയാണ് മനുഷ്യൻ വസിക്കുന്ന ഭൂമുഖത്ത് ഇന്ന് അല്ലാഹുവിന്റെ ഒരു ഖലീഫ ഉ്. എന്റെ ഉപദേശമനുസരിച്ച് മുസ്ലിം ലോകം ജീവിക്കാനും, പ്രവർത്തിക്കുവാനും ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങനെ ആയാൽ ഈ സമുദായത്തിന് ശോഭനമായ ഭാവിയു്. അതാത് കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫയുടെ കീഴിൽ അണിചേരുന്നതിലൂടെയാണ് ഇസ്ലാമിന്റെ പുരോഗതിയും സമുദായത്തിന്റെ ഐക്യവും നിലനിൽക്കുന്നത്. അതുപോലെ സമുദായത്തിൽ മറ്റൊരു ഖലീഫയ്ക്കും യാതൊരു സ്ഥാനവുമുായിരിക്കില്ല. കാരണം അത് മനുഷ്യ നിർമ്മിതമാണ്- സമുദായത്തിന്റെ തലപ്പത്ത് അല്ലാഹു തന്റെ പ്രതിനിധിയെ സ്ഥാപിച്ചു കഴിഞ്ഞു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പ്രവചനം ചെയ്തത് ഓർക്കുന്നത് നന്നായിരിക്കും. അതായത് എഴുപത്തി മൂന്നിൽ നിന്ന് ഒരേ ഒരു ജമാ അത്ത്- ആ ഒരു ജമാ അത്ത് ഒഴികെ ബാക്കി എല്ലാം സ്ഥാപിച്ചിട്ടുള്ളത് മനുഷ്യ കരങ്ങൾ കൊാണ് എന്നത് സത്യമായ ഒരു വസ്തുതയാണ്. നല്ലവരായ പൊതുജനങ്ങളുടെ മനസ്സിലേക്ക്- മുസ്ലീം വിഭാഗങ്ങളുടെ പണ്ഡിതൻമാരും, അഹ്മദിയ്യാ സംഘവും, യാതൊരു തത്വ ദീക്ഷയുമില്ലാതെ, ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെക്കുറിച്ച് വിഷം നിറയ്ക്കുകയാണ്. ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിനെക്കുറിച്ചും അതിന്റെ സ്ഥാപകരെ (അല്ലാഹുവിന്റെ വിനീത സേവകനായ ഖലീഫത്തുല്ലായെ കുറിച്ചും) അങ്ങേയറ്റത്തെ കള്ളങ്ങൾ പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. ആയതിനാൽ യഥാർത്ഥത്തിൽ സത്യത്തെ

സ്നേഹിക്കുന്നവർ അന്വേഷകർ ഇതിന്റെ സത്യത്തെ കുറിച്ച് ആഴത്തിൽ പഠിക്കുകയും ചിന്തിക്കുകയും ചെയ്യേ താ ണ്.

### ദൈവീക ഖിലാഫത്തിനെപ്പറ്റി ഹസ്രത് അലി (റ)

ദൈവീക വെളിപാടിലൂടെയുള്ള ഖലീഫയെ കുറിച്ച് പ്രവാചക ശ്രേഷ്ഠനായ ഹസ്രത് മുഹമ്മദ്സ്രാന്റെ നാലാം ഖലീഫ ആയിരുന്ന ഹസ്രത്ത് അലി (റ) പറഞ്ഞ ഏതാനും വാക്കുകൾ ഇതാ. ഷിയാ മുസ്ലിം വേൾഡ് 1978 ൽ പ്രസിദ്ധീകരിച്ച ഹസ്രത് അലി(റ) ന്റെ പ്രസംഗങ്ങളുടെ ശേഖരണത്തിൽപ്പെട്ട "നഹ്ജുൽ ബലാഗ" /യിൽനിന്നും എടുത്തിട്ടുള്ളത്.

"ഖലീഫത്തുല്ലായുടെ ഉപദേശം സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാകുന്നു. മാരക രോഗം മൂലം യാതന അനുഭവിക്കുന്നവരിൽ നിന്നും ഓടിപ്പോകുന്ന ഒരാളെപോലെ, സത്യവാനായ ഇമാമിൽ നിന്നും നിങ്ങൾ ഓടിപോകരുത്.

**'സാത്താൻ'** എല്ലാ ആകർഷക വഴിയും വെച്ചു നീട്ടുന്നതായിരിക്കും പ്രാരംഭത്തിൽ മഹ്ദി, നിസ്സഹായകനും, ദുരിതമനുഭവിക്കുന്നവനും, അറിയപ്പെടാത്തവനും ആയിരിക്കും. മുഴുവൻ ശക്തിയും ചോർന്നുപോയ ഒട്ടകം ഭൂമിയിൽ തല തഴ്ത്തിവെച്ച് വാലിട്ടടിക്കുന്നതുപോലെ, ഇസ്ലാമിന്റെ അവസ്ഥ അതി ദയനീയമായിരിക്കും. ഈ അവസ്ഥയിൽ നിന്നും, അവൻ (ഖലീഫത്തുല്ലാഹ്) ഭൂമിയിൽ അല്ലാഹുവിന്റെ സാമ്രാജ്യം സ്ഥാപിക്കും.

### അഹ്മദികളോട്

വിശ്വാസികളുടെ ഹൃദയങ്ങളെ അല്ലാഹു പ്രകാശപൂരിതമാക്കട്ടെ, സത്യാന്വേഷകരുടെ ഹൃദയങ്ങളെ അല്ലാഹു പ്രകാശപൂരിതമാക്കട്ടെ; ഖാത്തമെനുബുവത്തിനെ കുറിച്ച് തെറ്റായ വീക്ഷണമുള്ളവരുടെ ഹൃദയങ്ങളെയും അല്ലാഹു പ്രകാശിപ്പിക്കട്ടെ. എന്റെ പ്രിയപ്പെട്ട അഹ്മദീസഹോദരീ സഹോദരൻമാർക്ക്, നിങ്ങളുടെ ഹൃദയത്തിൽ അല്ലാഹു പ്രവേശിക്കുമെന്നധാരണയിൽ ഞാനൊരു ഉപദേശം നല്കുകയാണ്. കഴിഞ്ഞുപോയ അല്ലാഹുവിന്റെ ദൂതന്മാർ (അ), നമ്മുടെ പ്രീയങ്കരരായ മുഹമ്മദ് മുസ്തഫാ(സ) യും ഹസ്രത്ത് മസീഹ് മൗഊദ് ഹസ്രത്ത് മിർസാ ഗുലാം അഹമദ് (അ) കഷ്ടപ്പെട്ടത് വെറുതെ ആയിപ്പോകരുത്. അല്ലാഹുവിന്റെ ദീനിനെ പ്രകാശിപ്പിക്കുന്നതിനുവേി അവർ ഒരുപാട് ത്യാഗങ്ങൾ സഹിച്ചു. ഏകനായ അല്ലാഹുവിന്റെ എല്ലാ മഹത്വങ്ങളും അവർ പ്രകാശിപ്പിച്ചു. ഇസ്ലാം അവസാനത്തെ മതമാണ്. മുഹമ്മദ് നബിസ്രായുടെ സമുദായം അവസാനത്തെ സമുദായവുമാണ്.

ഈ സമുദായം പരിപൂർണ്ണമായും ദൈവീക ഗ്രന്ഥത്തിന്റെ വിശുദ്ധ ഖുർ ആന്റെ കല്പനകൾ അനുസരിച്ചാണ് പ്രവർത്തിക്കേത്. ആയതിനാൽ തുടർന്നു വരുന്ന ദൈവദൂതന്മാർ, ഖലീഫത്തുല്ലാഹ്, എല്ലാവരും ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യെയും വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) യും അനുസരിക്കുവാൻ ബാധ്യസ്ഥരാണ്.

### പ്രവാചകത്വത്തിന്റെ വാതിൽ അടയ്ക്കുന്നത് തെറ്റാണ്

മുൻകാലങ്ങളിലെ ജനത താന്താങ്ങളുടെ പ്രവാചകന്മാരുടെ വഫാത്തിനു ശേഷം വരുന്ന പ്രവാചകന്മാരുടെ വാതിലുകൾ അടച്ചിരുന്നു. വിശുദ്ധ ഖുറാൻ ഹസ്രത് യൂസുഫ് (അ) യുടെ ജനത അദ്ദേഹത്തിനുശേഷം വരുന്ന ദൂതന്മാരുടെ വാതിൽ അടച്ചതായി പരാമർശമുണ്ട്. എന്നാൽ യൂസുഫ് (അ) ന് ശേഷം ധാരാളം പ്രവാചകന്മാർ വന്നിരുന്നു. ഓരോ പ്രാവശ്യവും അല്ലാഹു (ത) അവരെടുത്ത തീരുമാനം തെറ്റായിരുന്നു എന്ന് ബോധ്യപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ വിധി നിശ്ചയിക്കുവാൻ മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. അവനുദ്ദേശിക്കുമ്പോൾ ദൈവീക വഴികാട്ടികളെ അവൻ നിയോഗിക്കുന്നു **(2.39)** തന്മൂലം, അവർ അല്ലാഹുവുമായി അവരുടെ ദൗർബല്യങ്ങൾക്ക് ശേഷം വീണ്ടും ബന്ധം സ്ഥാപിക്കുകയും, നേർപാതയിൽ നിന്ന് വഴിതെറ്റി പോകാതിരിക്കുകയും ചെയ്യുന്ന തി നു വേി

പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും ഭൂമുഖത്ത് ഉള്ളടത്തോളം കാലം, അഥവാ മാനവരാശി ഭൂമുഖത്ത് ഉള്ളടത്തോളം, അവർ ദൈവത്തിൽ നിന്നും, അവന്റെ മതത്തിൽ നിന്നും, ഇസ്ലാമിൽ നിന്നും, പരിപൂർണ്ണ മത

ത്തിൽ നിന്നും, അവന്റെ കല്പനകളിൽ നിന്നും, വിശുദ്ധമായ അവന്റെ ഗ്രന്ഥത്തിൽ നിന്നും വഴി തെറ്റുന്നുവോ, അപ്പോൾ അല്ലാഹു തന്റെ പ്രതിനിധിയെ തിരഞ്ഞടുക്കുകയും , മുഹമ്മദീ സമുദായത്തിനെയും മാനവരാശിയെ പൊതുവിലും ഏകനായ അവനെ മാത്രം ആരാധിക്കുവാനായി മാർഗ്ഗ ദർശനം നല്കുന്നതിനുവേ്, നിയോഗിക്കുന്നതാണ്. ദൈവപ്രോക്തങ്ങളായ വാദമുഖങ്ങൾ കൊണ്ട് പൊയ് ദൈവങ്ങളെ തച്ചുടയ്ക്കുകയും, ദൈവീക സത്യത്തെ സ്വീകരിക്കാൻ, വെമ്പൽ പൂണ്ടിരിക്കുന്ന ഹൃദയങ്ങൾക്ക്, സത്യത്തെ കാണുവാനും അതിനെ സ്വീകരിക്കുവാനും, അങ്ങനെ അല്ലാഹുവിന്റെ സംശുദ്ധമായ മതത്തിൽ സമാധാനത്തോടെ പ്രവേശിക്കുവാനുള്ള അവസരം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. അവരുടെ വഴിയിൽ മുള്ളുകൾ ധാരാളമുണ്ടെങ്കിലും, അവരുടെ കഠിന പരിശ്രമത്താൽ, അല്ലാഹുവിന്റെ സഹായത്തോടെയും മാർഗ്ഗദർശനത്തോടെയും, അവർക്ക് അവരുടെ അല്ലാഹു തെരഞ്ഞെടുത്ത ആത്മീയ നേതാവിനെ, തിരിച്ചറിയുവാനും, അംഗീകരിക്കുവാനും, അനുസരിക്കുവാനും, അങ്ങനെ അവരുടെ ജീവിതോദ്ദേശ്യത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക്, അല്ലാഹുവിലേക്ക്, ഏകനായവനിലേക്ക്, പരിശുദ്ധനായവനിലേക്ക്, എത്തിച്ചേരുവാനും സാധിക്കുന്നു. ഇൻഷാ അല്ലാഹ് ആമീൻ.

കഴിഞ്ഞുപോയ അല്ലാഹുവിന്റെ പ്രവാചകന്മാർക്കും അന്ത്യ ദിനംവരെ വന്നുകൊണ്ടിരിക്കുന്ന പ്രവാചകന്മാർക്കും ബാധകമായ, വിശുദ്ധ ഖുർ ആനിലെ ഈ വചനം കൊണ്ട് ഞാൻ ഈ പ്രസംഗത്തിന് വിരാമമിടുന്നു.
''***വ്യക്തമായ പ്രബോധനമല്ലാതെ ഞങ്ങൾക്കൊരു ബാധ്യതയുമില്ല***'' **36;18**

അല്ലാഹു (ത) സന്മാർഗ്ഗ ദർശനത്താൽ നിങ്ങളെ എല്ലാവരെയും പ്രചോദിപ്പിക്കട്ടെ! ആമീൻ.

For Jamaat-Ul-Sahih-Al-Islam, Kerala

Translated By
**R. Jamaludin Raother**
Amir

*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-ul-sahih-al-islam.com*